ഉത്തരം

(എ)	തിരുവനന്തപുരം	..	26029
	കൊല്ലം	..	14759
	പത്തനംതിട്ട	..	5817
	ആലപ്പുഴ	..	9497
	കോട്ടയം	..	9485
	ഇടുക്കി	..	5494
	എറണാകുളം	..	23845
	തൃശ്ശൂർ	..	21780
	പാലക്കാട്	..	9840
	മലപ്പുറം	..	12017
	കോഴിക്കോട്	..	11909
	വയനാട്	..	3422
	കണ്ണൂർ	..	7459
	കാസർഗോഡ്	..	4988
	റെയിൽവെ	..	335
	ക്രൈംബ്രാഞ്ച്	..	17
	ആകെ	..	166501

(ബി) റോഡപകടങ്ങൾ ഉൾപ്പെടെയുള്ള ക്രൈം കേസുകളിൽ 3663 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) 11201 കേസുകൾ

(ഡി, ഇ) സംഘടിത കുറ്റകൃത്യങ്ങളും അക്രമ പ്രവർത്തനങ്ങളും തടയുന്നതിനും പൊതുജനങ്ങളുടെ സൈര്യ ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്ന ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾക്കുപുറമെ, കർശന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കേരളാ പൊലീസ് ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ്, 2005 പുറപ്പെടുവിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത കേസ്സുകൾ

62. [62] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(സി) ഇതിൽ ഓരോ ഇനത്തിലും എത്ര കേസ്സുകൾ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്?

ഉത്തരം

(എ) 7,89,234 കേസുകൾ

(ബി) 7,04 097 കേസ്സുകൾ

(സി) ഐ. പി. സി. കേസ്സുകൾ 45,217 സ്പെഷ്യൽ ആന്റ് ലോക്കൽ കേസ്സുകൾ 2,07, 974 (സെക്യൂരിറ്റി കേസ്സുകൾ ഉൾപ്പെടെ)

ബസ്സ് വാറന്റിൽ കൃത്രിമം

63. [63] ശ്രീ. കെ. സുധാകരൻ:

പ്രൊഫ : എ. ഡി. മുസ്തഫ:

ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് വാറന്റിൽ കൃത്രിമം കാണിച്ച് പോലീസുകാർ ടി. എ. വാങ്ങിയിട്ടുള്ള സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പോലീസുകാർ ഇപ്രകാരം ടി. എ. വാങ്ങിയതായി കണക്കാക്കപ്പെടുന്നു;

(സി) എന്നുമുതലാണ് ഇപ്രകാരം ടി. എ. വാങ്ങാൻ തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈയിനത്തിൽ എന്തു തുകയുടെ ദുർവിനിയോഗം ഉണ്ടായതായി കണക്കാക്കപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി—ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് കസ്റ്റഡിയിലെ മൂന്നാം മുറ പ്രയോഗവും കസ്റ്റഡി മരണവും

64. [64] ശ്രീ. വർക്കല കഹാർ :

,, ഡോ. എം. എ. കുട്ടപ്പൻ:

,, പ്രൊഫ: എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly